സംസ്ഥാനത്ത് 1.156 മെഗാവാട്ടിന്റെ നാല് സൗരോർജ്ജ പദ്ധതികളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് പൂർത്തീകരിച്ചത്. 3.4815 മെഗാവാട്ട് പദ്ധതികളുടെ നിർവ്വഹണം നടന്നുവരുന്നു. 15.4 മെഗാപദ്ധതികൾക്ക് ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) ഓവർസിയർ തസ്തികയിലും മസ്ദൂർ തസ്തികയിലും സംസ്ഥാന അടിസ്ഥാനത്തിൽ നിലവിൽ ഒഴിവില്ല. ലൈൻമാൻ തസ്തികയിൽ നിലവിൽ 378 ഒഴിവുകളുണ്ട്. ഓവർസിയർ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ലൈൻമാൻ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകിവരുന്നു. മസ്ദൂർ തസ്തികയിൽ ഇപ്രകാരം ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തി നികത്തി വരുന്നുണ്ട്.

## ഹൈഡൽ ടൂറിസം

27(2065) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹൈഡൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയതും തുടക്കം കുറിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇടുക്കി ജില്ലയിലെ മൂന്നാറിലുള്ള ഹൈഡൽ പാർക്ക്, മാട്ടുപ്പെട്ടിയിലെ ബോട്ടിംഗ് സെന്റർ, ചെങ്കുളം ബോട്ടിംഗ് സെന്റർ എന്നിവ നവീകരിക്കുകയും ഇടുക്കി ഡാമിനോടു ചേർന്നുള്ള ഹൈഡൽ ടൂറിസം സെന്ററിന് കൂടുതൽ സൗകര്യങ്ങൾ കൂട്ടി ചേർക്കുകയും ചെയ്തു. കൂടാതെ ആനയിറങ്കൽ, പൊൻമുടി എന്നീ ഡാമുകളോടു ചേർന്നു പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് ഊർജ്ജ വകുപ്പിൽ നിന്നും ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly